പതിമൂന്നാം കേരളനിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3863 — 15.12.2014 ൽ മറുപടിക്ക്

## നിർഭയകേരളം പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ആർ. രാജേഷ് | | ശ്രീ. രമേശ് ചെന്നിത്തല<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി | |
| എ) | സംസ്ഥാനത്ത് സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷയ്ക്കായി ആരംഭിച്ച നിർഭയകേരളം പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമം തടയുക എന്ന ഉദ്ദേശ്യലക്ഷ്യത്തോടെയാണ് 'നിർഭയകേരളം സുരക്ഷിതകേരളം' എന്ന പദ്ധതി നടപ്പിലാക്കിയത്. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾക്കെതിരെ ബോധവൽക്കരണം നടത്തുക, ലൈംഗിക അതിക്രമങ്ങൾക്ക് ഇരയാകുന്നവർക്ക് സംരക്ഷണവും, പുനരധിവാസവും നൽകുക തുടങ്ങിയവയും ഉൾപ്പെടുത്തിക്കൊണ്ട് ഈ പദ്ധതി ഒരു പൈലറ്റ് പ്രോജക്ട് ആയി എറണാകുളം ജില്ലയിൽ ആരംഭിച്ചിട്ടുണ്ട്. |
| (ബി) | പദ്ധതിയ്ക്ക് ലഭ്യമാക്കുന്ന ഫണ്ടിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ; | (ബി) | ഈ പദ്ധതിക്കായി ഈ സാമ്പത്തികവർഷം ഏഴുകോടി രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ കേന്ദ്ര ധനസഹായത്തിനായി അപേക്ഷ ഇതിനകം സമർപ്പിച്ചിട്ടുണ്ട്. |
| (സി) | പദ്ധതി നാളിതുവരെയും നടപ്പിലാക്കിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) യും (ഡി) യും | നിർഭയകേരളം സുരക്ഷിതകേരളം പദ്ധതി പൈലറ്റ് പ്രോജക്ട് ആയി എറണാകുളം ജില്ലയിൽ ആരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഡി) | നടപ്പിലാക്കാനുണ്ടായ കാലതാമസത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | | |

സെക്ഷൻ ഓഫീസർ

89